ഇന്ത്യൻ പാർലമെൻറ് മോചിപ്പിക്കേണ്ടതല്ലേ? ശരീഅത്ത് ഭർത്താക്കന്മാർക്ക നൽകുന്ന സംരക്ഷണം എന്തുകൊണ്ട കടക്കാർക്ക നിഷേധിക്കണം?

ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അൻസാരി, താങ്കൾ ഇതിനെപ്പററി എന്തു പറയുന്നു?

(5 ജൂൺ, 1986)

# 24. വാർത്താവിതരണ-ആശയ പ്രചാരണരംഗങ്ങളിൽ വിപ്ളവം

വീഡിയോ കാസ്സെററുകൾ വാടകക്കു വാങ്ങുകയെന്നതു് ഇന്ത്യയിൽ ഈയിടെ സർവസാധാരണമായിട്ടുണ്ട്. കോഴിക്കോട്ട് അഞ്ചു രൂപ വാടകക്ക് ഒരു വീഡിയോ കാസ്സെററ് ഇപ്പോൾ കിട്ടും. നിങ്ങൾ കടയിൽ പോയി വാങ്ങേണ്ട; കാസ്സെററ് നിങ്ങൾക്ക വീട്ടിൽ എത്തിച്ചുതരും. രണ്ട ദിവസം കൈവശംവച്ച്, മൂന്നാം ദിവസം നിങ്ങൾ അതു തിരികെ കൊടുക്കണം. കൈവശംവക്കുന്ന ദിവസങ്ങളിൽ, നിങ്ങൾക്ക കാസ്സെററ് എത്ര തവണ വേണമെങ്കിലും ഉപയോഗപ്പെടുത്താം. ഈ ദിവസങ്ങളിൽ നിങ്ങളുടെ സുഹൃത്തുക്കളുമായി നിങ്ങൾ അതു പങ്കിട്ട് ഉപയോഗിക്കുന്നതിനും വിരോധമില്ല.

ടെലിവിഷൻ സെററുപോലെതന്നെ പരിഷ്കൃതജീവിതത്തിനു് അനുപേക്ഷണീയമായിരിക്കുന്നു, വീഡിയോ കാസ്സെററ് പ്രൊജക്ട് ചെയ്തു കാണാൻ ഉപയോഗിക്കുന്ന വി. സി. ആർ., വി. സി. പി. എന്നീ ഉപകരണങ്ങളും. വിദേശനിർമിതങ്ങളായ ഇവക്കു യഥാക്രമം പന്തീരായിരത്തോളവും എണ്ണായിരത്തോളവും രൂപ വില ഇപ്പോൾ ഇന്ത്യയിൽ ഉണ്ടത്രേ.

തിയേററുകളിൽ ഓടുന്നവയോ, ഓട്ടം നിർത്തിയവയോ ആയ ഫീച്ചർ ഫിലിമുകളാണ്, സാധാരണ നിലയിൽ, നമുക്ക കിട്ടുന്ന വീഡിയോ കാസ്സെററുകളുടെ ഉള്ളടക്കം, ഇവക്കു പുറമെ, ആവശ്യക്കാർക്ക രഹസ്യമായി 'നീലച്ചിത്ര'ങ്ങളുടെ വീഡിയോ കാസ്സെററുകളും ധാരാളമായി കിട്ടാനുണ്ടത്രേ. എന്തോ! എനിക്കവ കാണാൻ കഴിഞ്ഞിട്ടില്ല.

വീഡിയോ പ്രദർശനങ്ങൾ കാണുന്നതിനായി തങ്ങളുടെ ഇരിപ്പുമുറികളിലേക്ക് അയൽക്കാരെ ക്ഷണിക്കുന്നവർ കുറവല്ല. പ്രദർശനം കാണാൻ എത്തുന്നവരോട ചുരുങ്ങിയ ഒരു ഫീസ് വസൂൽചെയ്യുന്ന ഏർപ്പാടും ചിലേടത്തുണ്ട്. തിയേററിൽച്ചെന്നു ഫിലിം കാണുന്നതിനേക്കാൾ ചെലവു കുറവും സൗകര്യക്കൂടുതലും ഉള്ളതിനാൽ, പണം കൊടുത്തായാലും, അയൽവീട്ടിൽച്ചെന്നു വീഡിയോ കാണുന്നതിൽ പലർക്കും സന്തോഷമേയുള്ളു.

നമ്മെസ്സംബന്ധിച്ചിടത്തോളം വീഡിയോ ഇപ്പോൾ ഇടത്തരക്കാരുടെ ഒരു വിനോദോപാധിമാത്രമേ ആയിട്ടുള്ളു. പക്ഷേ, വാർത്താവിതരണത്തിലും ആശയപ്രചാരണത്തിലും ഒരു മൗലികവിപ്ലവമാണ് വീഡിയോ കാസ്സെററുകളിൽ അടങ്ങിയിരിക്കുന്നതെന്നു വിശ്വസിക്കുന്നവർ കുറവല്ല. കമ്യൂണിസവും മുതലാളിത്തവും തമ്മിൽ ലോകവ്യാപകമായി നടന്നുവരുന്ന മത്സരത്തിൽ കരുത്തേറിയ ഒരു ആയുധമായി വീഡിയോ

കാസ്സെറ്റുകൾ സമ്പന്നരാജ്യങ്ങളിൽ ഉപയോഗപ്പെടുത്തപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

വാർത്താവിതരണത്തിലും ആശയപ്രചാരണത്തിലും കർശനമായ നിയന്ത്രണം സർക്കാർ പുലർത്തിവന്നിരുന്ന സോവിയററ് റഷ്യയിലും കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിലും 1970കളുടെ അവസാനത്തിലാണ് വീഡിയോ കാസ്സെററ് റിക്കോർഡറുകൾ വ്യാപകമായി പ്രചരിച്ചു തുടങ്ങിയത്. മൂന്നരക്കോടിയിലേറെ മാത്രം ജനങ്ങളുള്ള പോളണ്ടിൽ ഇപ്പോൾ അഞ്ചുലക്ഷം വി. സി. ആറുകൾ ഉണ്ടത്രേ. ഇവയിലധികവും ജപ്പാനിലോ, അമേരിക്കയിലോ നിർമിച്ചവയാണ്; അവയ്ക്കു കമ്യൂണിസ്റ്റ്രാജ്യങ്ങളിൽ വില വളരെ കൂടുതലുമാണ്. അതിനാൽ വീഡിയോ കാസ്സെററുകളും വി. സി. ആറുകളും വില്ക്കുന്ന വളരെ വലിയ ഒരു കരിഞ്ചന്തതന്നെ കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ രൂപംകൊണ്ടിട്ടുള്ളതായി ആഗസ്റ്റ് 18–ലെ 'ന്യൂസ് വീക്ക്' വാരിക പ്രസ്താവിക്കുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ പൊതുപ്രദർശനത്തിനു സ്വീകരിക്കാത്തവയോ, നിരോധിക്കപ്പെട്ടവയോ ആയ പടിഞ്ഞാറൻ യൂറോപ്യൻ—അമേരിക്കൻ ഫിലിമുകളുടെ വീഡിയോ പതിപ്പുകളും ഈ കരിഞ്ചന്തയിൽ സുലഭമായി കിട്ടുന്നു. അതാതു രാജ്യത്തെ ഭാഷയിലേക്ക് ഇവ വിവർത്തനംചെയ്തിട്ടുണ്ടാവും. അഫ്ഘാനിസ്ഥാനിൽ സോവിയററ് സൈന്യങ്ങൾക്കെതിരെ പൊരുതുന്ന ഒളിപ്പടയാളികളുടെ പ്രവർത്തനങ്ങൾ ചിത്രീകരിക്കുന്നതിനായി അടുത്തകാലത്ത് അറുപതു് അഫ്ഘാൻകാർക്ക പടിഞ്ഞാറേ ജർമനിയിൽ പരിശീലനം നൽകുകയും, അവരെ പ്രത്യേക–ഉപകരണങ്ങൾ കൊടുത്ത് അഫ്ഘാനിസ്ഥാനിലേക്ക വിടുകയുംചെയ്തതായും 'ന്യൂസ് വീക്ക്' പറയുന്നുണ്ട്. ഇവർ നിർമിക്കുന്ന വീഡിയോ ചിത്രങ്ങൾ അഫ്ഘാനിസ്ഥാനിലെ ഒളിപ്പടയാളികൾക്കവേണ്ടി പാശ്ചാത്യരാജ്യങ്ങളിൽ പണം പിരിക്കുന്നതിനുംമററുമായി ഉപയോഗപ്പെടുത്തുകയാണുദ്ദേശ്യം. ഇന്ത്യയ്ക്കെതിരായ പ്രവർത്തനങ്ങൾക്കവേണ്ടി ഖാലിസ്ഥാൻ വാദികളും ഇത്തരം വീഡിയോ കാസ്സെററുകൾ നിർമിച്ച് ഉപയോഗിക്കുന്നുണ്ടാവണം. നാട്ടിനകത്തുള്ള ഭീകരപ്രവർത്തകരും വിഘടനവാദികളും തങ്ങളുടെ പ്രചാരവേലയ്ക്കു വീഡിയോ കാസ്സെററുകൾ ഉപയോഗപ്പെടുത്തിക്കൂടായ്കയില്ല. വീഡിയോ കാസ്സെററുകളുടെ പ്രചാരം തടയുന്നതും, അവ കണ്ടുകെട്ടുന്നതും, പ്രയാസമുള്ള കാര്യമാണ്. മുതലാളിത്തരാജ്യങ്ങൾക്ക പുറമേ കമ്യൂണിസ്റ്റ് രാജ്യങ്ങളും വലിയതോതിൽ വീഡിയോ കാസ്സെററ് റിക്കോർഡറുകൾ ഇപ്പോൾ ഉണ്ടാക്കിത്തുടങ്ങിയിട്ടുണ്ട്. 1990 ആകുമ്പോഴേക്ക് 60,000 വി. സി. ആറുകൾ നിർമിക്കാൻ സോവിയററ് റഷ്യ ഉദ്ദേശിക്കുന്നു. വിദേശസഹകരണത്തോടെ ചെക്കോസ്ലൊവാക്യ, ഹംഗറി മുതലായ രാജ്യങ്ങളും വി. സി. ആർ. നിർമാണം വലിയതോതിൽ ആരംഭിച്ചിരിക്കുന്നു. ഏറെ താമസിയാതെ ക്യാമറകൾപോലെ വി. സി. ആറുകളും ലോകത്തിലെങ്ങും നിത്യോപയോഗവസ്തുക്കളായിത്തീർന്നുകൂടെന്നില്ല. അതോടെ ആശയപ്രചാരണനിയന്ത്രണം വളരെ വലിയ അളവിൽ അപ്രായോഗികമായിത്തീരുകയുംചെയ്യും.

ടെലിവിഷൻ പ്രക്ഷേപണത്തിന് ഉപഗ്രഹങ്ങളെ ഉപയോഗപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. ഇതു സാർവത്രികമാകുന്നതോടെ, റേഡിയോ പ്രക്ഷേപണംപോലെ ടെലിവിഷൻ പ്രക്ഷേപണവും ലോകവ്യാപകമായിത്തീരും. സോവിയററ് റഷ്യയെ ഉദ്ദേശിച്ച്, റഷ്യൻഭാഷയിൽ, ടെലിവിഷൻ പ്രക്ഷേപണങ്ങൾ അമേരിക്കയിൽനിന്നു നടത്താമെന്നും, ഈ പ്രക്ഷേപണങ്ങൾ സോവിയററ് റഷ്യയിൽ എവിടെയിരുന്നും ടെലിവിഷൻ സെററ് പ്രവർത്തിപ്പിച്ചു കാണാമെന്നും വന്നുകൂടും. വളരെ ദൂരെ

നിന്ന് ഉപഗ്രഹത്തിലൂടെ വരുന്ന ടെലിവിഷൻ പരിപാടികൾ സ്വീകരിക്കുന്നതിനു സാമാന്യം വലിപ്പമുള്ള 'സാറ്റലൈറ്റ് ഡിഷ്'' എന്ന ഒരു ഉപകരണം ഇപ്പോൾ ആവശ്യമാണ്. ഒരു കമ്യൂണിസ്റ്റ് രാജ്യമായ പോളണ്ടിൽ ഇരുപത്തഞ്ചു വേലക്കാർ മാത്രം പ്രവർത്തിക്കുന്ന ഒരു സ്വകാര്യക്കമ്പനി ഇപ്പോൾ ആണ്ടിൽ ഇത്തരം ഇരുപതിനായിരം 'സാറ്റലൈറ്റ് ഡിഷ്''കൾ നിർമിച്ചു മറ്റു രാജ്യങ്ങളിലേക്ക്, ഒന്നിന് ആയിരത്തിഒരുന്നൂറ് ഡോളർ വിലയ്ക്ക് കയറ്റി അയച്ചുവരുന്നതായി മുമ്പു പറഞ്ഞ 'ന്യൂസ് വീക്ക്', വാരിക പ്രസ്താവിക്കുന്നുണ്ട്. ടെലിവിഷൻ പ്രക്ഷേപണം പ്രതിഫലിപ്പിക്കുന്ന ഉപഗ്രഹങ്ങൾ പരിഷ്കരിച്ചാൽ, പ്രക്ഷേപണത്തിന്റെ ശക്തി വർദ്ധിപ്പിക്കാൻ കഴിയും; അതു വർദ്ധിക്കുന്ന തോതിൽ 'സാറ്റലൈറ്റ് ഡിഷി'ന്റെ വലിപ്പം ചുരുക്കുകയുമാകാം. ഇപ്പോൾ ഒരു സാധാരണ റേഡിയോ സെറ്റിൽ ഏതു രാജ്യത്തുനിന്നുമുള്ള റേഡിയോ പ്രക്ഷേപണങ്ങൾ, പുറത്തു കാണാവുന്ന പ്രത്യേക സംവിധാനമൊന്നുമില്ലാതെതന്നെ, സ്വീകരിക്കാൻ കഴിയുന്നതുപോലെ, ഏതു രാജ്യത്തുനിന്നുമുള്ള ടെലിവിഷൻ പ്രക്ഷേപണങ്ങളും സാധാരണ ടെലിവിഷൻ സെറ്റുകളിൽ, പ്രത്യേക സംവിധാനമൊന്നുമില്ലാതെ, ആർക്കും സ്വീകരിക്കാൻ സാദ്ധ്യമാണെന്ന നില ഏതാനും വർഷങ്ങൾക്കകം വന്നുകൂടായ്കയില്ലെന്നാണ് ഇതിന് അർത്ഥം.

ടെലിവിഷൻ എന്ന മാദ്ധ്യമത്തിന് ആശയരൂപവൽക്കരണത്തിലുള്ള സ്വാധീനശക്തിയെപ്പറ്റി ഊഹിക്കാൻ മാത്രമേ ഇന്നു നമുക്കു കഴിയൂ. കാരണം, ഇന്ത്യൻ ടെലിവിഷനിൽ നമുക്കു കിട്ടുന്നത് ഒരൊറ്റ ചാനലിൽക്കൂടി സർക്കാർ തരുന്ന വിഭവങ്ങൾ മാത്രമാണല്ലോ. ഇരുപത്തഞ്ചോളം ചാനലുകളിലൂടെ വരുന്ന വ്യത്യസ്ത പ്രക്ഷേപണങ്ങളിൽനിന്ന് ഇഷ്ടമുള്ള വിഭവം തിരഞ്ഞെടുത്തു കാണാൻ യൂറോപ്പിലുള്ളവർക്ക് ഇപ്പോൾത്തന്നെ കഴിയുന്നുണ്ട്. ഈ സ്ഥിതി ലോകത്തിന്റെ ഏതു ഭാഗത്തും നിലവിൽവരുക എന്നതാവും ഉപഗ്രഹങ്ങളിലൂടെയുള്ള ടെലിവിഷൻ പ്രക്ഷേപണം സാർവത്രികമാവുന്നതിന്റെ ഫലം. അപ്പോൾ സർക്കാരുകൾ കരുതിക്കൂട്ടി നടത്തുന്ന അസത്യപ്രചാരണം പരമാവധി പരിഹാസ്യമായിത്തീരും. കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിലെന്നപോലെ മുതലാളിത്തവ്യവസ്ഥിതിയിലും ഇതിന്റെ ഫലമായി വന്നുചേരുന്ന പരിവർത്തനം എന്തായിരിക്കുമെന്ന് ഇപ്പോൾ പ്രവചിക്കുക സാദ്ധ്യമല്ല.

ഈ പരിവർത്തനത്തെ ത്വരിപ്പിക്കുന്ന മറ്റൊരു ഉപാധിയാണ് കമ്പ്യൂട്ടർ. വിവരങ്ങൾ ശേഖരിച്ചുവയ്ക്കുന്നതിലും, ക്രമപ്പെടുത്തുന്നതിലും, ആവശ്യക്കാർക്ക് അവ ലഭ്യമാക്കുന്നതിലും, കമ്പ്യൂട്ടറിനുള്ള കഴിവ് അല്പാല്പമായി വെളിപ്പെട്ടു തുടങ്ങിയിട്ടേയുള്ളു. ഏതാനും ദിവസംമുമ്പ്, മധുര സർവകലാശാലയിൽ നടക്കുന്ന ഒരു ഗവേഷണത്തിന് ആവശ്യമായ ഏതാനും വിവരങ്ങൾ, ഒരു അമേരിക്കൻ സർവകലാശാലയിൽനിന്നു കമ്പ്യൂട്ടർ മുഖേന ഏതാനും നിമിഷങ്ങൾക്കകം പരസഹായമില്ലാതെ സമ്പാദിക്കുകയുണ്ടായി. ലോക തപാൽ സർവീസ്പോലെ ഒരു ലോക കമ്പ്യൂട്ടർ സർവീസ് നടപ്പിലാകാൻ, ഇപ്പോൾ യാതൊരു സാങ്കേതിക തടസ്സവുമില്ല.

വിവരങ്ങൾ സൂക്ഷിക്കുന്നതിനു മാത്രമല്ല, കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നത്. കിട്ടിയ വിവരങ്ങൾ വാർത്തകളും മറ്റുമായി മാറ്റാനും, കമ്പോസ് ചെയ്യാനും, പേജു കെട്ടാനും ഒക്കെ, കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തിവരുന്നു, കമ്പ്യൂട്ടറിൽ സംസ്കരിച്ചെടുത്തു ഫിലിമിൽ പകർത്തിയ പത്രമോ ലഘുലേഖയോ പുസ്തകമോ ഓഫ്സെറ്റ് പ്രസ്സിൽ അച്ചടിച്ചെടുക്കുക പ്രയാസമുള്ള കാര്യമല്ല. ഇതു നിമിത്തം സ്വന്തം നാട്ടിലെ

സർക്കാരിനെതിരെ സമരം ചെയ്യുന്ന വ്യക്തികൾക്കും സംഘങ്ങൾക്കും കമ്പ്യൂട്ടർ അങ്ങേയററം ഉപകരിക്കും. ഡിസ്കിൽ അതിസൂക്ഷ്മമായി കമ്പോസ് ചെയ്തുവെച്ച മാററർ കണ്ടെടുക്കാൻ പോലീസ് കുഴയും. കമ്പോസിങ്ങിൽ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നതിൻെറ ഒരു ഫലം വാർത്താനിയന്ത്രണം (സെൻസർഷിപ്പ്) തീരെ അസാധ്യമാക്കുക യാവും.

സ്ററാലിൻെറ കാലത്ത് സോവിയററ് റഷ്യയിലുണ്ടായിരുന്ന തരം 'തൊഴിലാളിവർഗ' സർവാധിപത്യവും, ഹിററ്ലറുടെ കാലത്ത് ജർമനിയിലുണ്ടായിരുന്ന തരം ഏകകക്ഷി—സർവാധിപത്യവും, ഇറാനിൽ ഇന്നു നിലനില്ക്കുന്ന തരം പുരോഹിതവർഗ സർവാധിപത്യവും, അമേരിക്കയിലും മററും ഇന്നും നടപ്പിലുള്ളതരം വാർത്താവിതരണത്തിലെ കുത്തകസമ്പ്രദായവും ഇനിമേൽ പ്രായോഗികമല്ല. വാർത്താവിതരണ—ആശയപ്രചാരണരംഗങ്ങളിലെ അത്യാധുനികമാധ്യമങ്ങളായ വീഡിയോവും ഉപഗ്രഹ—ടെലിവിഷനും കമ്പ്യൂട്ടറും, അറിയാനുള്ള മനുഷ്യൻെറ മൗലികസ്വാതന്ത്ര്യത്തെ, ചരിത്രത്തിലാദ്യമായി, പ്രായോഗിക പദവിയിലെത്തിച്ചിരിക്കുന്നു.

ധാരാളം പണച്ചെലവുള്ള ഇനങ്ങളാണ് ഇവ മൂന്നും. അവ ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവു സാധാരണജനങ്ങൾക്ക കൈവരുമാറു് സമ്പത്സമൃദ്ധി നാട്ടിൽ പൊതുവേ ഉളവാക്കുന്നതെങ്ങനെ എന്നതാണ്, വാർത്താവിതരണ—ആശയപ്രചാരണ—സ്വാതന്ത്ര്യരംഗത്തിൽ ഇന്ത്യയേപ്പോലുള്ള ദരിദ്രരാജ്യങ്ങളെ ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം.

(21 ആഗസ്റ്റ്, 1986)